പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1474 16.03.2015-ലെ മറുപടിക്ക്

വ്യാജ പാൽ വിപണനം തടയുവാനും കൂടുതലായി പാൽ ശേഖരിക്കാനും നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ: | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) അതിർത്തി ഗ്രാമങ്ങളിലെ മലയോരപ്രദേശങ്ങളിൽ ഗുരുതര ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വ്യാജ കവർപാൽ വിറ്റഴിക്കുന്നത് തടയാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; | (എ) ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്നതോടു കൂടി പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുണ്ട്. അതിർത്തി ഗ്രാമങ്ങളിലെ മലയോര പ്രദേശങ്ങളുൾപ്പെടെ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന എല്ലാ പാലുല്പന്നങ്ങളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന അനലറ്റിക്കൽ ലാബുകളിൽ പരിശോധിക്കുകയും നിശ്ചിത ഗുണനിലവാരമില്ലാത്തതോ മായം ചേർത്തതോ ആയ സാമ്പിളുകളിന്മേൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) കൃത്രിമപാലിന്റെയും പാലുല്പന്നങ്ങളുടെയും വിപണനം തടയാൻ ഇതുവരെ എന്തെങ്കിലും നടപടി സർക്കാർതലത്തിൽ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) കൃത്രിമപാലിന്റെയും പാലുല്പന്നങ്ങളുടെയും വിപണനം സംബന്ധിച്ച് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നടത്തിയ പരിശോധനകളിൽ കൃത്രിമപാലിന്റെ ഉപയോഗം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഇത്തരത്തിലുള്ള പരാതികൾ സംബന്ധിച്ച് പ്രത്യേക ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) കൃത്രിമപാൽ വിതരണം വ്യാപകമാകുന്നത് തടയാൻ മിൽമ പാൽ കൂടുതലായി ശേഖരിക്കാനും വിപണനം നടത്താനും നടപടി സ്വീകരിക്കുമോ? | (സി) മിൽമയുടെ തിരുവനന്തപുരം, എറണാകുളം, മലബാർ മേഖലാ യൂണിയനുകൾ പാൽ ശേഖരണവും വിപണനവും വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ